# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എറണാകുളം

**പാർക്ക് അവന്യു, എറണാകുളം - 682011**

☎ 0484 -2360802 ✉ dmohekmoffice@gmail.com


'ഭരണഭാഷ – മാതൃഭാഷ'

**നം. എ6-811503/2024**

**തീയതി: 03/01/2025**

## കുറ്റാരോപണ മെമ്മോ

### അനുബന്ധം H4

ശ്രീമതി ലീന എം.വി., സ്റ്റാഫ് നേഴ്സ് ഗ്രേഡ് II-ന്റെ പേരിലുള്ള കുറ്റാരോപണം.

ശ്രീമതി ലീന എം.വി എന്ന താങ്കൾ എറണാകുളം ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി നോക്കി വരവേ 28.05.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും, അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നില്ക്കുന്നത് ഗുരുതരമായ അച്ചടക്കലംഘനവും, ഔദ്യോഗിക കൃത്യവിലോപവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ട ലംഘനം എന്നീ കുറ്റങ്ങൾ ചെയ്തിരിക്കയാൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം ഉദ്ദേശിച്ചിട്ടുള്ള തരത്തിൽ താങ്കൾക്കെതിരെ അച്ചടക്ക നടപടി എടുക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ആവശ്യപ്പെടുന്നു. എതിർവാദങ്ങൾ അടങ്ങിയ താങ്കളുടെ പത്രിക സമർപ്പിക്കുന്നതിന് ഈ അറിയിപ്പ് കൈപ്പറ്റിയ തീയതി മുതൽ 15 ദിവസങ്ങൾ താങ്കൾക്ക് അനുവദിച്ചിട്ടുണ്ട്. താങ്കളുടെ പ്രതിവാദ പത്രിക നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമായില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങൾ ഒന്നും നൽകാൻ ഇല്ലായെന്ന നിഗമനത്തിൽ അച്ചടക്കനടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

മേൽ പറഞ്ഞിരിക്കുന്ന കുറ്റത്തിന് അടിസ്ഥാനമായ ആരോപണങ്ങളുടെ പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

## കുറ്റാരോപണ പത്രിക

ശ്രീമതി ലീന എം.വി എന്ന താങ്കൾ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തു വരവെ 28.05.2023 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായി എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

താങ്കളുടെ മേൽ പ്രവൃത്തി അച്ചടക്ക ലംഘനവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ട ലംഘനവും ശിക്ഷ അർഹിക്കുന്ന കുറ്റമാകയാൽ താങ്കൾക്കെതിരെ 1960 കെ.സി.എസ് (സി സി & എ) ചട്ടം 15 അനുസരിച്ച് അച്ചടക്ക നടപടി എടുക്കുവാൻ കാരണമാകുന്നു. അതിനാൽ കുറ്റപത്രം നൽകുന്നു.

OFFICE OF THE DISTRICT MEDICAL OFFICER OF HEALTH
Date ............
PIN: 682 011
ERNAKULAM

Asha

**ഡോ.ആശാദേവി**
**ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)**
**എറണാകുളം**

സ്വീകർത്താവ്:

ശ്രീമതി ലീന എം.വി, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II

പകർപ്പ്:

1) സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം
2) ഫയൽ/കരുതൽ കരുതൽ.

എം